**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4911** **01-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മാറ്റിസ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് നിലവിൽ മാറ്റിയിരിക്കുന്ന കെട്ടിടത്തിലെ സ്ഥലപരിമിതി, ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ടെക്സ്റ്റ് ബുക്ക് ഓഫീസിലേക്ക് താൽക്കാലികമായി മാറ്റിയിട്ടുള്ള തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന് അവിടെ സ്ഥലപരിമിതി ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടെങ്കിലും ജീവനക്കാർക്ക് സാമൂഹിക അകലം പാലിക്കാനാവാത്ത തരത്തിലുള്ള സ്ഥലപരിമിതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സ്ഥലപരിമിതി മൂലം ഓഫീസിലെ ജീവനക്കാർക്ക് സാമൂഹിക അകലം പാലിക്കാനാവാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം ടെക്സ്റ്റ് ബുക്ക് ഓഫീസിലേക്ക് താൽക്കാലികമായി മാറ്റിയിട്ടുള്ള തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന് അവിടെ സ്ഥലപരിമിതി ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടെങ്കിലും ജീവനക്കാർക്ക് സാമൂഹിക അകലം പാലിക്കാനാവാത്ത തരത്തിലുള്ള സ്ഥലപരിമിതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഓഫീസിലെ സെക്ഷനുകൾ പാഠ പുസ്തക ആഫീസിലെ ഒഴിവുള്ള സ്ഥലത്തേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ഓഫീസിലെ സെക്ഷനുകൾ പാഠപുസ്തക ആഫീസ് പ്രവർത്തിക്കുന്ന രണ്ടാമത്തെ നിലയിൽ, നിലവിൽ ഒഴിവുള്ള സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ട ആവശ്യകത ഉണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ